DRACULA

# ഡ്രാക്കുള

ബ്രാം സ്റ്റോക്കർ

BRAM STOKER

ഇരുളടഞ്ഞു ദുർഗന്ധം വമിക്കുന്ന ഉള്ളറകളുടെയും സ്വയം തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന കവാടങ്ങളുള്ള അവ്യക്തത ഭയകേന്ദ്രമായ കോട്ടകളുടെയും പകൽ സമയത്ത് പ്രേതങ്ങൾ മാത്രം വിശ്രമിക്കാൻ ഉപയോഗിക്കുന്ന പെട്ടികളുടെയും നിശായാമങ്ങളിൽ ഭീകരമായി വാപൊളിച്ചുതുറക്കുന്ന ശവക്കുഴികളുടെയും ഓരിയിട്ടു നിലവിളിക്കുന്ന ചെന്നായ്ക്കൂട്ടങ്ങളുടെയും അവയുടെയെല്ലാം നേതാവും നിയന്താവുമായി കഴിയുന്ന ഡ്രാക്കുളപ്രഭുവിന്റെയും വിവരണങ്ങൾ ഉൾക്കൊള്ളുന്ന അത്ഭുതകഥ.

എക്കാലത്തെയും ഹൊറർ നോവലുകളിൽവച്ച് ഏറ്റവും ഭീതിജനകമായ കൃതി.

വിവർത്തനം: **എം.പി. സദാശിവൻ**

കവർ ഡിസൈൻ: അരുൺ ഗോകുൽ

ഡിസി ബുക്സ്

www.dcbooks.com

നോവൽ

ISBN 81-7130-654-3

9 788171 306541 00013

E-book available

₹ 370

ഡ്രാക്കുള • ബ്രാം സ്റ്റോക്കർ

DCB



13-ാം പതിപ്പ്

DRACULA

# ഡ്രാക്കുള

ബ്രാം സ്റ്റോക്കർ

BRAM STOKER

DCB

1683

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1683 Call No.

This book should be returned on or before the date last given below.

## ബ്രാം സ്റ്റോക്കർ(1847–1912)

1847–ൽ അയർലണ്ടിലെ ഡബ്ലിനിൽ ജനിച്ചു. ഏഴു വയസ്സുവരെ നിൽക്കാനോ നടക്കാനോ വയ്യാത്തവിധം അവശനായിരുന്നെങ്കിലും മനഃസ്ഥൈര്യംകൊണ്ട് അവശതയെ മറികടന്ന് കായികതാരവും ഡബ്ലിൻ യൂണിവേഴ്സിറ്റി ഫുട്ബോൾ ടീമംഗവുമായി. 10 വർഷത്തോളം ഡബ്ലിൻ കാസിലിലെ സിവിൽ സർവീസിൽ സേവനമനുഷ്ഠിച്ചു. 'ഡബ്ലിൻ മെയിൽ' ഹെൻട്രി ഇർവിങ് എന്ന നടനുമായി പരിചയപ്പെട്ടു. ഇർവിങ്ങിന്റെ മരണംവരെ അദ്ദേഹത്തിന്റെ മാനേജർ എന്ന നിലയിൽ 27 വർഷം നീണ്ടുനിന്ന ഒരു ബന്ധമായിരുന്നു ഇത്. യൂറോപ്പിലെ പരമ്പരാഗത നാടോടിക്കഥകളും സങ്കല്പങ്ങളും അടിസ്ഥാനമാക്കി എഴുതിയ ഗോഥിക് ഭീകര റൊമാൻസായിരുന്നു *ഡ്രാക്കുള* (1897). നാടകമായും സിനിമയായും പല ഭാഷകളിലും ഇതിനു പിൽക്കാലത്ത് ധാരാളം ആവിഷ്കാരങ്ങളുണ്ടായിട്ടുണ്ട്. *Mystery of the Sea* (1904), *Famous Importers* (1910) എന്നിവയും കൃതികളാണ്. ഇർവിങ്ങിനെക്കുറിച്ചുള്ള വ്യക്തിപരമായ സ്മരണകളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 1912 ഏപ്രിൽ 20–ന് ലണ്ടനിൽ അന്തരിച്ചു.

ബ്രാം സ്റ്റോക്കറിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കഥ*
ലോകോത്തരകഥകൾ – ബ്രാം സ്റ്റോക്കർ

*നോവൽ*
ഡ്രാക്കുള

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച നോവലുകൾ പരിചയപ്പെടാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

ബ്രാം സ്റ്റോക്കർ

# ഡ്രാക്കുള

വിവർത്തനം
എം.പി. സദാശിവൻ

ഡി സി ബുക്സ്

Malayalam Language

English Title
Dracula

LITERATURE/NOVEL
*by* Bram Stocker

Malayalam Title
Drācula

Translated *by* M.P. Sadasivan

Rights Reserved
© D C Books

First Published July 1996
This edition - December 2020

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Stocker, Bram.
Dracula/Bram Stocker;
Malayalam translation/M.P. Sadasivan
368 p., 21 cm.
ISBN 81-7130-654-3.
Malayalam translation of 'Dracula'.
1. English detective novel. 2. Malayalam translation.
I. Title. II. Title-English. III. Sadasivan M.P.
823.087 2-dc22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-7130-654-3

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

519/20-21-Sl.No. 20798-dcb 2504-(13)1000-8518-12-20-se 70-p ag-r(t) bm-d(t) ra

# 1

# ജൊനാതൻ ഹാർക്കറുടെ ഡയറി

**ബിസ്ട്രിറ്റ്സ്**
**മെയ് 3**

മെയ് ഒന്നാം തീയതി രാവിലെ മ്യൂനിച്ചിൽനിന്നു പുറപ്പെട്ട് അടുത്ത പ്രഭാതത്തിൽ വിയന്നയിലെത്തി. തീവണ്ടി ഒരു മണിക്കൂർ ലേറ്റായിരുന്നു. ബുഡാപെസ്റ്റിൽ അല്പസമയം നിന്നപ്പോൾ സ്റ്റേഷനു പുറത്തിറങ്ങി നോക്കി അതിമനോഹരമായ സ്ഥലം. ഡാന്യൂബ് നദിയിൽ ആഴവും പരപ്പും കൂടിയ സ്ഥലത്തു കുറുകെയുള്ള കൂറ്റൻ പാലം കടന്ന് കിഴക്കോട്ടാണ് ഇനി യാത്ര.

ക്ലൗസൻബെർഗിലെത്തിച്ചേർന്നപ്പോൾ നേരമിരുട്ടി. രാത്രി ഞാൻ ഹോട്ടൽ റോയലിൽ കഴിച്ചുകൂട്ടി. അത്താഴത്തിനു കുരുമുളകു ചേർത്ത കോഴിക്കറിയായിരുന്നു. നല്ല രുചി. പക്ഷേ, എരിവു കൂടുതൽ (മീനയ്ക്കുവേണ്ടി ഇതിന്റെ പാചകവിധി കുറിച്ചുവയ്ക്കണം). പപ്രിക്കാ ഹെൻറൽ എന്നാണതിന്റെ പേരെന്നും അന്നാട്ടിലെവിടെയും സുലഭമാണെന്നും വെയിറ്റർ പറഞ്ഞു. അല്പസ്വല്പം ജർമ്മൻഭാഷ കൈകാര്യം ചെയ്യാനറിയാവുന്നതുകൊണ്ട് ഞാൻ രക്ഷപ്പെട്ടു. ഇല്ലെങ്കിൽ ബുദ്ധിമുട്ടായേനെ.

ലണ്ടനിൽ കുറച്ചുസമയം കിട്ടിയപ്പോൾ ബ്രിട്ടീഷ് മ്യൂസിയം സന്ദർശിക്കാനും ട്രാൻസിൽവേനിയയെ സംബന്ധിച്ച പുസ്തകങ്ങളും ഭൂപടവും പരിശോധിക്കാനും സാധിച്ചു. അന്നാട്ടിലെ ഒരു പ്രഭുവുമായുള്ള ഇടപാടിന് അതു സഹായകമാവുമെന്ന് എനിക്കറിയാമായിരുന്നു. അദ്ദേഹം സൂചിപ്പിച്ച സ്ഥലം കാർപേത്യൻ മലനിരകളുടെ നടുക്ക് രാജ്യത്തിന്റെ കിഴക്കേയറ്റത്തായി ട്രാൻസിൽവേനിയ, മോൾഡേവിയ, ബുക്കോവിന എന്നീ സംസ്ഥാനങ്ങളുടെ അതിർത്തിയോടു തൊട്ടുകിടക്കുന്ന ഒരു ജില്ലയാണെന്നു ഞാൻ മനസ്സിലാക്കി. യൂറോപ്പിലെ തീരെ അറിയപ്പെടാത്ത ഒരുൾനാട്. ഡ്രാക്കുള മാളികയുടെ യഥാർത്ഥസ്ഥാനം ഒരു ഭൂപടത്തിലും കണ്ടെത്താനെനിക്കു കഴിഞ്ഞില്ല. പക്ഷേ, ഏറ്റവുമടുത്തുള്ള തപാലാഫീസ് സ്ഥിതിചെയ്യുന്ന പട്ടണമായ ബിസ്ട്രിറ്റ്സ് ഏറെക്കുറെ പ്രശസ്തമാണ്. യാത്രാവിശേഷങ്ങൾ മീനയെ പറഞ്ഞുകേൾപ്പിക്കുമ്പോൾ വിട്ടുപോകാതിരിക്കാൻ ചില കാര്യങ്ങൾക്കൂടി ഞാനിവിടെ കുറിച്ചുവയ്ക്കട്ടെ.

ട്രാൻസിൽവേനിയയിൽ നാലു വ്യത്യസ്ത ജനവിഭാഗങ്ങളുണ്ട്. 'വല്ലാച്ചി'കളും സാക്സൺ വംശജരും തെക്കൻ മേഖലയിൽ. പടിഞ്ഞാറു